# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.284 — 25.04.2017 ൽ മറുപടിക്ക്

### ആശുപത്രികളിലെ ചൂഷണം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ ആശുപത്രികളിലെത്തുന്ന രോഗികളിൽനിന്നും അമിത ചാർജ്ജ് ഈടാക്കുക, അനാവശ്യ ടെസ്റ്റുകൾ നിർദ്ദേശിക്കുക തുടങ്ങിയ വിവിധതരം ചൂഷണങ്ങൾ തടയുന്നതിന് ജില്ലകൾതോറും ഒരു സ്ഥിരം സംവിധാനമായി ഓരോ ഉന്നതതല കമ്മറ്റി രൂപീകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (എ), (ബി) & (സി) | സർക്കാർ ആശുപത്രികളിൽ അമിത ചാർജ്ജ് ഈടാക്കുന്നതായും അനാവശ്യ ടെസ്റ്റുകൾ നിർദ്ദേശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വകാര്യ ആശുപത്രികളിൽ അമിത ചാർജ്ജ് ഈടാക്കുന്നതും അനാവശ്യ ടെസ്റ്റുകൾ നടത്തുന്നതും തടയുന്നതിന് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗ.) ബിൽ 2017 ന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രികളിലെത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകൾ നടത്തി ഇല്ലാത്ത രോഗം ഉണ്ടെന്ന് വിധി എഴുതി ഇവരുടെ ജീവൻ തന്നെ അപകടത്തിലാക്കി ചൂഷണം നടത്തി വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർ മരുന്ന് കമ്പനികൾക്കുവേണ്ടി പ്രവർത്തിച്ച് കമ്മീഷൻ വാങ്ങിയും ടൂറുകൾ നടത്തിയും അനാവശ്യ മരുന്നുകൾ രോഗികൾക്ക് നൽകി കമ്പനികൾക്കും ആശുപത്രികൾക്കും അമിതവരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതിന് എതിരെ എന്തൊക്കെ നടപടി സ്വീകരിയ്ക്കാൻ സാധിയ്ക്കുമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ